
# റംസാൻ – വ്രുതശുദ്ധിയുടെ നോയ്മ്പുകാലം

**സുധീർ പണിക്കവീട്ടിൽ**



വാങ്ങിക്കുന്നതിനെക്കാൾ കൊടുക്കുന്നത് ആഹ്ലാദകരമാണെന്ന് റംസാൻ പഠിപ്പിക്കുന്നു. ഒരു മാസം നീണ്ട് നിൽക്കുന്ന വ്രുതാനുഷ്ഠാനത്തോടെ ഭക്തജനങ്ങൾ പുണ്യകർമ്മങ്ങൾ ചെയ്യുന്ന ഉപവാസകാലമാണു് റംസാൻ. എങ്കിലും യാന്ത്രികമായി അത് ആചരിക്കുന്നത് കൊണ്ട് ഫലമില്ല. വിശ്വാസത്തോടും പരിശുദ്ധിയോടും കൂടിയുള്ള അനുഷ്ഠാനങ്ങൾക്കേ പുണ്യമുള്ളു. ശരീരത്തിന്റെ ആവശ്യങ്ങളെ നിയന്ത്രിച്ച് ആത്മാവിനെ ഉണർത്തുകയും ഉയർത്തുകയുമാണീ ഉപവാസത്തിലൂടെ നേടുന്നത്. ഉപവസിക്കുക എന്ന് മറ്റ് മതങ്ങളും പറയുന്നെങ്കിലും ഒരു മാസ പകൽകാലം മുഴുവൻ വിശപ്പും ദാഹവും അടക്കി അള്ളാഹുവിനോട് സദാസമയം പ്രാർഥിച്ച് കഴിയാൻ അനുശാസിക്കുന്നത് ഖുറാൻ ആണു്. ശാബാൻ മാസത്തിന്റെ (റംസാനു മുമ്പുള്ള മാസം) അവസാന ദിവസം നബിതിരുമേനി ജനങ്ങൾക്ക് ഒരു ഖുത്ബ നൽകി. (ഖുത്ബ=വാർഷിക ചടങ്ങുകളിലും, വെള്ളിയാഴ്ച്ച നിസ്കാരത്തിനു ശേഷം പള്ളിയിൽ വച്ചും ജനങ്ങളെ അഭിസംബോധന ചെയ്ത് പറയുന്ന ഉപദേശം.) ഇതാ വിശിഷ്ടമായ ഒരു മാസം ആഗതമാകുന്നു. ഈ മാസത്തിലെ ഒരു രാത്രി ആയിരം മാസങ്ങൾക്ക് സമാനമാണു. കാരുണ്യവാനായ അല്ലാഹു ദയയും, അനുഗ്രഹങ്ങളും, ക്ഷമയും, കൊണ്ട് വാഴ്ത്തുന്ന പവിത്രമാസമാണു റംസാൻ. മറ്റ് മാസങ്ങളിൽ വച്ച് ഈ മാസത്തെ അല്ലാഹു ഉൽക്രുഷ്ടമാക്കിയിരിക്കുന്നു. ഈ മാസത്തിലെ പകലുകളും, രാത്രികളും, അതിലെ ഓരോ നിമിഷങ്ങളും ഏറ്റവും ശ്രേഷ്ടമാണു്. ഈ മാസത്തിൽ വ്രുതാനുഷ്ഠാനങ്ങൾക്കായി അല്ലാഹു എല്ലാവരേയും വിളിക്കുന്നു. അത് കൊണ്ട് എല്ലാവരും അല്ലാഹുവിൽ സ്വയം സമർപ്പിച്ച് പൂർണ്ണ ഹ്രുദയത്തോടെ വ്രുതമനുഷ്ഠിക്കയും, ഖുറാൻ പാരായണം ചെയ്യുകയും വേണം. വെറുതെ പട്ടിണി കിടന്നത്കൊണ്ടോ ഖുറാൻ വായിച്ചത്കൊണ്ടോ പുണ്യം ലഭിക്കുന്നില്ലെന്ന് നബി തിരുമേനി വ്യക്തമാക്കുന്നു. ഈ നോയ്മ്പ് മാസത്തിൽ പാവങ്ങൾക്ക് ദാനം ചെയ്യണം, മൂത്തവരെ ബഹുമാനിക്കണം, എല്ലാവരോടും ദയയും സ്നേഹവും കാണിക്കണം, വാക്കുകൾ സൂക്ഷിച്ച് ഉപയോഗിക്കണം, കാണരുതാത്തത് കാണാതിരിക്കണം. അങ്ങനെ മനുഷ്യജീവിതം ഇവിടെ മനോഹരമാക്കാനുള്ള എല്ലാ കാര്യങ്ങളും ഉപദേശിക്കുന്നു. വാസ്തവത്തിൽ ഏതൊരു വ്യക്തി മേൽപറഞ്ഞ കാര്യങ്ങൾ സത്യസന്ധതയോടെ നിവർത്തിക്കുന്നുവോ അവർ റംസാൻ കഴിഞ്ഞാലും അങ്ങനെ തന്നെ ജീവിക്കുന്നു. മനുഷ്യരെ നന്മയിലേക്ക് നയിക്കാൻ ഇത്തരം മതാചാരങ്ങൾക്ക് കഴിയുന്നു.

റംസാൻ മാസം പിറക്കുമ്പോൾ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കുകയും, നരകവാതിലുകൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നു, ഇബ്‌ലീസ ് അപ്പോൾ ചങ്ങലയിൽ കിടക്കുന്നു. ഈ അനുഗ്രഹീത മാസത്തിലെ ഓരോ ദിവസവും അല്ലാഹുവിനെ വിളിച്ച് അവന്റെ ക്ഷമക്കും കനിവിനുമായി പ്രാർത്ഥിക്കുക. പാപഭാരം കൊണ്ട് നിങ്ങളുടെ പുറം പൊട്ടിതകരാതിരിക്കാൻ അവന്റെ മുന്നിൽ നമസ്കരിക്കുക. റംസാന്റെ നിബന്ധനകൾ പരിപൂർണ്ണമായി പാലിക്കുന്നവർ സിറാത്തിലൂടെ ( സ്വർഗത്തിലേക്കുള്ള പാലം) കാൽ വഴുതാതെ നടന്നുപോകുന്നു. ഏതാണു റംസാൻ മാസത്തിൽ

ചെയ്യാവുന്ന ഏറ്റവും വലിയ പുണ്യം എന്ന ചോദ്യത്തിനു അല്ലാഹുവിന്റെ സന്ദേശവാഹകൻ പറഞ്ഞു: അല്ലാഹു അരുതെന്ന് വിലക്കിയതിൽ നിന്ന് അകന്നിരിക്കുക.

മനുഷ്യരാശിക്ക് മാർഗ്ഗദർശകമായി, അവർക്ക് തെറ്റും,ശരിയും തിരിച്ചറിയാനുള്ള കഴിവ് നൽകികൊണ്ട് അല്ലാഹു ഗബ്രിയേൽ മാലാഖ മുഖാന്തിരം നബി തിരുമേനിയെ അറിയിച്ച വചനങ്ങൾ ഖുറാനിൽ അടങ്ങിയിരിക്കുന്നു. ശേഖരിക്കുക എന്നർത്ഥം വരുന്ന അൽ'ഖർ എന്ന അറബി വാക്കിൽ നിന്നും അല്ലെങ്കിൽ "ചൊല്ലുക" എന്നർത്ഥം വരുന്ന "ഖർ" എന്ന് വാക്കിൽ നിന്നോ ഖുറാൻ എന്ന വാക്കുണ്ടായത് എന്ന് കരുതി പോരുന്നു. ഇതിനെ ആസ്പദമാക്കി നബി പറഞ്ഞ ഒരു വാചകവും ഇതുമായി ബന്ധിപ്പിക്കുന്നുണ്ട്. അതിതാണു" ഖുറാൻ പാരായണം ചെയ്യുമ്പോൾ നിശ്ശബ്ദരായിരുന്ന് ശ്രദ്ധിക്കുക. ഇസ്ലാം വിശ്വാസികളുടെ പഞ്ചാംഗത്തിലെ ഒമ്പതാമത്തെ മാസമായ "റംസാനിൽ" ആണു ഖുറാൻ അവതീർണ്ണമായത്. അതു കൊണ്ടാണു വ്രുതാനുഷ്ഠാനം ഈ മാസത്തിൽ നടത്തുന്നത്."റംസാന്റെ അവസാനത്തെ പത്ത് രാത്രികളിൽ ഒന്ന് ലൈലത്തൽ ഖദിർ എന്ന് പറയുന്ന വിശേഷരാത്രിയാണു. ഈ രാത്രിയിൽ പ്രാർഥിക്കുന്നതെല്ലാം അള്ളാഹു നൽകുമെന്ന് മുസ്ലിം വിശ്വാസികൾ കരുതുന്നു. ഖുറാൻ ഈ രാത്രിയപ്പറ്റി ഇങ്ങനെ പറയുന്നു. സുറ 97: (1-5) 1. തീർച്ചയായും നാം ഇതിനെ (ഖുറാനിനെ) നിർണ്ണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. 2. നിർണ്ണയത്തിന്റെ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ? 3. നിർണ്ണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. 4. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിന്റെ എല്ലാ കാര്യത്തെ സംമ്പന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. 5. പ്രഭാതോദയം വരെ അത് സമാധാനമത്രെ.

ഉപവാസം, പ്രാർത്ഥന, ആത്മനിയന്ത്രണം എന്നിവയിലൂടെ റംസാൻ മാസത്തിൽ ഒരു സ്വയം ശുദ്ധീകരണം എല്ലാവരും നടത്തുന്നു. ഉപവാസത്തിന്റെ മേന്മയെപ്പറ്റി എല്ലാ മതങ്ങളും പറയുന്നുണ്ട്. ആഷുര എന്ന പേരിൽ ജൂതന്മാർ ഉപവാസവ്രുതം അനുഷ്ഠിച്ചിരുന്നു. അവരുടെ വിശ്വാസപ്രകാരം അന്നാണു ഫറോന്റെ അടിമയായി കഴിഞ്ഞ ഇസ്രായെൽ മക്കളെ മോചിപ്പിച്ച്കൊണ്ട് മോസസ് ചെങ്കടൽ കടന്നത്. അരാരത്ത് പർവ്വതത്തിൽ പെട്ടകം അടുത്തപ്പോൾ നോഹ അതിൽ നിന്നും ഇറങ്ങിയത് ഈ ദിവസമാണെന്നും വിശ്വസിക്കുന്നവരുണ്ട്. നബി തിരുമേനി മെക്കയിൽ നിന്നും മെദീനയിലെത്തുന്നതിനുമുമ്പ് "ആഷുര" ദിവസം നോയ്മ്പ് നോറ്റിരുന്നു. ഈ ദിവസം വരുന്നത് ഇസ്ലാമിക്ക് കലണ്ടറിലെ ആദ്യത്തെ മാസമായ "മുഹറ"ത്തിലാണു. ഈ മാസത്തിലെ പത്താം ദിവസം ഇത് ആചരിക്കുന്നത്കൊണ്ട് ഇതിനെ "ആഷുറ" എന്ന് പറയുന്നു. അഷ്റ എന്ന അറബി വാക്കിനു "പത്ത്" എന്നർത്ഥം. റംസാൻ മാസത്തിൽ "ഖുറാൻ" അവതീർണ്ണമായപ്പോൾ ആ മാസത്തിൽ ഉദയം മുതൽ അസ്തമയം വരെയുള്ള ഉപവാസം പ്രചാരത്തിൽ വന്നിട്ടും ഷിയ വിഭാഗക്കാർ "അഷുറയും"ആചരിച്ച്പോന്നു.

നബി തിരുമേനി ഒരു പുതിയ മതം സ്ഥാപിച്ചില്ല. ഏക ദൈവം എന്ന ആശയം ഭൂമിയിൽ അവതരിച്ച എല്ലാ പ്രവാചകന്മാരും പ്രചരിപ്പിച്ചപോലെ അദ്ദേഹവും ഏകദൈവത്തെപ്പറ്റി പ്രവചിച്ചു. വിഗ്രഹാരാധനയുടെ വേരറുത്ത ഇസ്ലാമീയ ചിന്തകൾ തെറ്റായ ആരാധനകളിൽ നിന്നും വിമുക്തമാണെന്നു് മനസ്സിലാക്കാവുന്നതാണു. റംസാൻ പോലുള്ള വ്രുതാനുഷഠാനങ്ങളിലൂടെ മനുഷ്യരെ കൂടുതലായി സ്നേഹിക്കാനും ഈശ്വരനെ ആരാധിക്കാനും ഭ്കത ജനങ്ങൾ പഠിക്കുന്നു. ഖുറാൻഃ 2:256 ഇങ്ങനെ പറയുന്നു. - മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും .അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടി പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ബലമായി മതപരിവർത്തനം നടത്തുന്നവർ ഈ വാക്യങ്ങളുടെ അർത്ഥം പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടാകില്ല. ഖുറാനിലെ ഈ വാക്യങ്ങൾ ശ്രദ്ധിക്കുക. സുറ 109 - 1. (നബിയേ) പറയുക, അവിശ്വാസികളേ, 2. നിങ്ങൾ ആരാധിച്ച്വരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. 3. ഞാൻ ആരാധിച്ച് വരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. 4. നിങ്ങൾ ആരാധിച്ച് വന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല. 5. ഞാൻ ആരാധിച്ച് വരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. 6. നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതവും.

ഈ ലോകത്തിൽ നമ്മൾ ഏറ്റവും ഇഷ്ടപ്പെടുന്നതിനെ ത്യജിച്ച് ഈശ്വരനെ എല്ലാറ്റിലുമുപരിയായി കാണണമെന്ന് നിർദ്ദേശിക്കുന്ന ഒരു കഥ പേർഷ്യൻ സൂഫി ബാബയും കവിയുമായ ജലാലുദ്ദീൻ റൂമി അദ്ദേഹത്തിൻെറ ബ്രുഹത്തായ "മതവി" എന്ന കാവ്യത്തിൽ എഴുതീട്ടുണ്ട്. മതവി എന്ന പേർഷ്യൻ പദത്തെ ഗഹനമായ അദ്ധ്യാത്മിക തത്വങ്ങൾ അടങ്ങുന്ന പ്രാസബദ്ധമായ ഈരടികൾ എന്ന് വിവർത്തനം ചെയ്യാം. ജലാലുദീൻ റൂമി മതവിയുടെ കഥ ഇങ്ങനെ: ഒരിക്കൽ അനുരാഗലോലനായ ഒരു കാമുകൻ അയാളുടെ കാമുകിയോടുള്ള തീവ്രമായ സ്നേഹം പ്രകടിപ്പിക്കാൻ ഒരു വിശ്വോത്തരം രത്നം അവൾക്ക് സമ്മാനിച്ചു. അവൾ അതിനെ തട്ടിമാറ്റിയിട്ട് ചോദിച്ചു " ഒരു മൺകട്ടയാണോ നീ എനിക്ക് സമ്മാനമായി തരുന്നത്. ഇതിനേക്കാൾ വിലപ്പെട്ടത് ഒന്നുമില്ലേ? അയാൾ നിരാശനായി ചോദിച്ചു " എന്തു സമ്മാനമാണു ഞാൻ തരേണ്ടത്" "നീ എല്ലാറ്റിലും വലുതായി സ്നേഹിക്കുന്നത് എനിക്ക് തരികയെന്നവൾ പറഞ്ഞു, അതീവ സന്തുഷ്ടനായി പുഞ്ചിരിച്ച്കൊണ്ട് അയാൾ സ്വന്തം ജീവനെ വെടിഞ്ഞ് അവളുടെ മുമ്പിൽ വീണു. ഈ കാമുകി കരുണാമയനായ അള്ളാഹു ആയിരുന്നെന്ന് റൂമി പറയുന്നു. മണ്ണിൽ നിന്നും ദൈവം ആദാമിനെ സ്രുഷ്ടിച്ച്കഴിഞ്ഞപ്പോൾ ആദം ആദ്യം പറഞ്ഞ വാചകം ഃ അൽഹംദുലില്ലാഹ് എന്നാണു. അർഥം. " എല്ലസ്തുതിയും ഈശ്വരനെന്ന്". ഈശ്വരനെ മഹത്വപ്പെടുത്തുകയും സ്നേഹിക്കുകയും ചെയ്യുന്നവർ നന്മയുള്ളവരാകും. ലോകത്തിൽ നന്മ നിറയുമ്പോൾ ശാന്തിയും സമാധാനവുമുണ്ടാകും. ഈ നോയ്മ്പുകാലം ഈശ്വരനെ മഹത്വപ്പെടുത്താനും അവൻെറ അനുഗ്രഹത്തിനായി പ്രാർഥിപ്പാനും വിശ്വാസികൾ ഉപയോഗിക്കുന്നു.

അല്ലാഹുവെ നിൻെറ കൽപ്പന പ്രകാരം ഞാൻ നോയമ്പ് നോറ്റു. നിൻെറ അനുഗ്രഹപ്രകാരം ഞാൻ അതവസാനിപ്പിക്കുന്നു. നീ തന്നെ നൽകിയ ഭക്ഷണം കഴിച്ച്കൊണ്ട് എന്നുരുവിട്ട്കൊണ്ട് സൂര്യാസ്തമയ സമയത്തെ പ്രാർത്ഥനയായ മഗ്രീബിനു ശേഷം റംസാൻ കാലങ്ങളിൽ നോയ്മ്പ് ആചരിക്കുന്നവർ ഈന്തപഴം തിന്നുകൊണ്ട് അവരുടെ അന്നത്തെ ഉപവാസം അവസാനിപ്പിക്കുന്നു അതിനെ "ഇഫ്തർ" എന്ന് പറയുന്നു. ശവ്വാൽ മാസത്തിലെ അമ്പിളിക്കീറ് കാണുമ്പോൾ റംസാൻ വ്രുതങ്ങൾക്ക് സമാപ്തിയായി. അത് ഈദുൽ ഫിത്തർ എന്ന പെരുന്നാളാഘോഷമായി. കൊണ്ടാടുന്നു. അല്ലാഹു അക്ബർ ( ദൈവം വലിയവനാകുന്നു) എന്നുരുവിട്ട്കൊണ്ട് ആറ് തക്ബീർ ( കൈ രണ്ടും ചെവികളിൽ തൊട്ടുകൊണ്ടുള്ള പ്രാർത്ഥന) അടങ്ങുന്ന സലാത്തോടെ (പ്രത്യേക പ്രാർത്ഥന) ഈദ് ആഘോഷം മുഴുങ്ങുകയായി. ഒരു മാസകാലം മനസ്സും ശരീരവും ശുദ്ധമാക്കി ദൈവീകമായ അനുഭൂതി അനുഭവിച്ച് പ്രാർത്ഥനാ മന്ത്രങ്ങൾ ചൊല്ലി ആത്മചൈതന്യം കൈവരിച്ചതിനുശേഷം പിന്നെ മൂന്നു ദിവസത്തെ ആഘോഷങ്ങളിൽ എല്ലാവരും ആനന്ദിക്കുന്നു. ഓരോ റംസാൻ വ്രുതവും കഴിയുമ്പോൾ അതനുഷ്ഠിക്കുന്നവർക്ക് മാനസികമായ വികാസം ഉണ്ടാകുന്നു. വിശപ്പും, ദാഹവും എങ്ങനെ മനുഷ്യരെ കഷ്ടപ്പെടുത്തുന്നു എന്ന അനുഭവം അവരെ ദയാശീലരും, കനിവുള്ളവരുമാക്കുന്നു.

അങ്ങ് ഭാരതത്തിൽ ഓരോ മതത്തിലേയും ആഘോഷങ്ങളിൽ എല്ലാ മതക്കാരും പങ്ക് ചേരുന്നുണ്ട്. അവർക്ക് അഭിവാദനങ്ങളും സമ്മാനങ്ങളും കൊടുക്കാറുണ്ട്. എന്നാൽ അതെക്കുറിച്ചറിയാൻ ശ്രമിക്കുന്നില്ല. വളരെ പരിമിതമായ അറിവ് വച്ച് തെറ്റിദ്ധാരണയിൽ മനുഷ്യർ കഴിയുന്നു. വാസ്തവത്തിൽ മതപരിവർത്തനങ്ങളല്ല മതത്തെ കുറിച്ച് മനുഷ്യരെ മനസ്സിലാക്കുകയാണു വേണ്ടത്. മതത്തെ മാറ്റി നിർത്തി എല്ലാവരും ഈശ്വരനെ സ്നേഹിക്കുന്ന ഒരു പ്രഭാതം ഉദിക്കുമെന്ന് പ്രതീക്ഷിക്കാം. എല്ലാവർക്കും ഈദ് മുബാരക്ക്.

ശുഭം